നമ്പർ – എൻ2/22494/13/ഡി.പി.ഐ/ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 04/2014

Phone: 04712328438

**Email: scholarshipdpi@gmail.com**

പ്രേക്ഷിതൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം – പൊതു വിദ്യാഭ്യാസം–ന്യൂന പക്ഷവിഭാഗം പ്രീ–മെട്രിക് സ്കോളർഷിപ്പ് സ്കീം–2013–14 അർഹരായ കുട്ടികളുടെ മതം രേഖപ്പെടുത്തിയതിലെ അപാകതകൾ –പരിഹരിക്കുന്നത്–സംബന്ധിച്ച്

സൂചന – 08/01/2014 ലെ ഇതേ നമ്പർ നോട്ട് ഓർഡർ പ്രകാരം ശരേരെവീീഹ ന് നൽകിയിയ നിർദ്ദേശം

2013–14 ലെ ന്യൂനപക്ഷ വിഭാഗം പ്രീ–മെട്രിക് സ്കോളർഷിപ്പ് സ്കീമനുസരിച്ച് അപേക്ഷ ഹാജരാക്കുകയും, സ്കോളർഷിപ്പ് തുകയ്ക്ക് അർഹത നേടുകയും ചെയ്ത സിഖ്, ബിദ്ധിസ്റ്റ്, പാഴ്സി എന്നീമതവിഭാഗങ്ങളിലെ കുട്ടികളുടെ ലിസ്റ്റ് **www.scholarship.it@school.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ടി ലിസ്റ്റ് പ്രകാരം യോജിക്കാത്ത രീതിയിൽ, (ഉദാഹരണത്തിന്, മുസ്ലീം പേരുള്ള കുട്ടിയുടെയും, രക്ഷകർത്താവിന്റെയും മതം സിഖ് എന്നു രേഖപ്പെടുത്തിയരീതിയിൽ) ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ആയതിനാൽ പ്രസ്തുത ലിസ്റ്റ് പരിശോധിച്ച് മതവിഭാഗം ക്രമപ്പെടുത്തുവാൻ താങ്കളുടെ അധികാരപരിധിയിലുള്ള പ്രഥമാധ്യാപകർക്ക് നിർദ്ദേശം നല്കേണ്ടതും, ടി പ്രവർത്തനം 19/04/2014 നുള്ളിൽ പൂർത്തിയാക്കിയ ശേഷം റിപ്പോർട്ട് ഈ കാര്യാലയത്തിൽ ഹാജരാക്കേണ്ടതുമാണ്.

<u>ക്രമപ്പെടുത്തലിനു ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:–</u>

1. ഈ അറിയിപ്പിനൊപ്പം ഈ–മെയിൽ ചെയ്യുന്ന കുട്ടികളുടെ ലിസ്റ്റ് ശ്രദ്ധിക്കുക.
2. ടി ലിസ്റ്റിലെ കുട്ടികളുടെ വിവരങ്ങൾ മാത്രമേ ക്രമപ്പെടുത്തുവാൻ കഴിയുകയുള്ളൂ.
3. ഓരോ വിദ്യാഭ്യാസ ജില്ലയുടെയും പരിധിയിലുള്ള സ്കൂളുകളിലെ കുട്ടികളുടെ ലിസ്റ്റ് വേർ തിരിച്ചാണ് ഈ–മെയിൽ ചെയ്തിട്ടുള്ളത്. ബന്ധപ്പെട്ട ഡി.ഇ.ഒ മാർ തങ്ങളുടെ അധികാര പരിധിയിലുള്ള സ്കൂളധികാരികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി ക്രമപ്പെടുത്തൽ വരുത്തിയശേഷം

ടിവിവരം

19/04/2014 നു 5 മണിയ്ക്കുമുമ്പായി ഈ ഓഫീസിൽ റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

4. സ്കൂളധികാരികൾ മേൽ സൂചിപ്പിച്ച ലിസ്റ്റ് അനുസരിച്ച്, www.scholarship.it@school.gov.in എന്ന സൈറ്റിൽ പ്രവേശിച്ച് (അപേക്ഷകൾ അപ് ലോഡ് ചെയ്യുന്നതിനുള്ള Username, Password എന്നിവ ഉപയോഗിച്ചാൽ മതിയാകും) ആവശ്യമായ കറക്ഷൻ വരുത്തേണ്ടതാണ്.
5. മേൽസൂചിപ്പിച്ച ക്രമപ്പെടുത്തലുകൾ 19/04/2014 നുള്ളിൽ നടത്തേണ്ടതാണ്.
6. കറക്ട് ചെയ്യാത്ത, ലിസ്റ്റിലുള്ള കുട്ടികളുടെ സ്കോളർഷിപ്പ് തുക റദ്ദ് ചെയ്യുന്നതാണ്.
7. അത്തരം കുട്ടികളുടെ പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട പ്രഥമാധ്യാപകരുടേതായി പരിഗണിക്കുന്നതാണ്.
8. മേൽ സൂചിപ്പിച്ച പ്രവർത്തനം എല്ലാ ഉഇഛ മാരും ഉറപ്പുവരുത്തേണ്ടതാണ്.

മേൽ സൂചിപ്പിച്ചവ അറിവിനും, തുടർന്നടപടിയ്ക്കുമായി നൽകുന്നു.

ഉള്ളടക്കം:–

കുട്ടികളുടെ ലിസ്റ്റ്.

വിശ്വസ്തതയോടെ

അഡീഷണൽ ഡപ്യൂട്ടി ഡയറക്ടർ
ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ
(അക്കാഡമിക്)